208
5/1/21

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

സാംസ്കാരിക കാര്യ വകുപ്പ്- ഭാരത് ഭവനിൽ അംഗീകൃത ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ കഴിഞ്ഞ 14 വർഷമായി താല്കാലിക അടിസ്ഥാനത്തിൽ സേവനമനുഷ്ഠിക്കുന്ന ശ്രീ. രാജേഷ് വി.കെ യെ ഭാരത് ഭവനിലെ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ സ്ഥിരനിയമനം നൽകുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

സാംസ്കാരിക കാര്യ (എ) വകുപ്പ്

സ.ഉ.(കൈ) നം.1/2021/സാം.കാ.വ തീയതി,തിരുവനന്തപുരം, 04/01/2021

1 26/12/2019 ലെ ഭാരത് ഭവൻ മെമ്പർ സെക്രട്ടറിയുടെ ബി.ബി. നം 210/ബി.എസ്.എ.എഫ്/2019 നമ്പർ കത്ത്

ഉത്തരവ്

ഭാരത് ഭവനിൽ കഴിഞ്ഞ 14 വർഷമായി അംഗീകൃത ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ താല്കാലിക അടിസ്ഥാനത്തിൽ സേവനമനുഷ്ഠിക്കുന്ന ശ്രീ. രാജേഷ് വി.കെ പ്രസ്തുത തസ്തികയിൽ സ്ഥിരപ്പെടുത്തുന്നതിന് ശുപാർശ ചെയ്യാൻ 22.06.2019 ൽ ചേർന്ന ഭാരത് ഭവൻ ജനറൽ കൗൺസിൽ യോഗത്തിൽ തീരുമാനം എടുക്കുകയും ഇതിന്റെ അടിസ്ഥാനത്തിൽ പരാമർശം കത്ത് പ്രകാരം ഭാരത് ഭവൻ മെമ്പർ സെക്രട്ടറി സർക്കാരിലേക്ക് അപേക്ഷ സമർപ്പിച്ചിരുന്നു.

സർക്കാർ പ്രസ്തുത വിഷയം വിശദമായി പരിശോധിച്ചു. ഭാരത് ഭവനിൽ കഴിഞ്ഞ 14 വർഷമായി അംഗീകൃത ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ താല്കാലിക അടിസ്ഥാനത്തിൽ സേവനമനുഷ്ഠിക്കുന്ന ശ്രീ. രാജേഷ് വി.കെ യ്ക്ക്, ഒരു പ്രത്യേക കേസായി കണക്കാക്കി ഈ സർക്കാർ ഉത്തരവ് തീയതി മുതൽ മാത്രം പ്രാബല്യത്തോടെ, പ്രസ്തുത ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ സ്ഥിര നിയമനം നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**റാണി ജോർജ്ജ്**
**സെക്രട്ടറി**

പകർപ്പ്
മെമ്പർ സെക്രട്ടറി, ഭാരത് ഭവൻ, തിരുവനന്തപുരം
ശ്രീ രാജേഷ് വി കെ (ഭാരത് ഭവൻ, മെമ്പർ സെക്രട്ടറി മുഖേന)
ഡയറക്ടർ, സാസ്കാരിക വകുപ്പ്, അനന്തവിലാസം കൊട്ടാരം, ഫോർട്ട്. പി. ഒ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരളം, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
വിവരപൊതുജന സമ്പർക്ക (വെബ് & ന്യൂമീഡിയ) വകുപ്പ്
പൊതുഭരണ (എസ് സി ) വകുപ്പ് (06/12/2019 ലെ ഇനം നമ്പർ 3556 പ്രകാരം)
ധനകാര്യ വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 31-12-2020

ഫയൽ നം. 34/എ1/2020/സാം.കാ.വ. ഇനം നം: 4450

വിഷയം : സാംസ്കാരിക കാര്യ വകുപ്പ് - ഭാരത് ഭവനിൽ താല്കാലിക വ്യവസ്ഥയിൽ ജോലി ചെയ്യുന്ന ശ്രീ. രാജേഷ് വി കെ-യെ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ സ്ഥിരപ്പെടുത്തണമെന്ന ആവശ്യം.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. വിശ്വാസ് മേത്ത
ചീഫ് സെക്രട്ടറി

സെക്രട്ടറി, സാംസ്കാരിക കാര്യ വകുപ്പ്.

**കേരള സർക്കാർ**
**(ശ്രീ പിണറായി വിജയൻ മന്ത്രിസഭ)**
**(മന്ത്രിസഭായോഗത്തിനുളള കുറിപ്പ്)**

| | | |
|---|---|---|
| 1) | ഫയൽ നമ്പർ | 34/എ 1/2020/സാം.കാ.വ. |
| 2) | വകുപ്പ് | സാംസ്കാരിക കാര്യ (എ) വകുപ്പ് |
| 3) | വിഷയം | ഭാരത് ഭവനിൽ താല്കാലിക വ്യവസ്ഥയിൽ ജോലി ചെയ്യുന്ന ശ്രീ രാജേഷ് വി.കെ യെ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ സ്ഥിരപ്പെടുത്തണമെന്ന ആവശ്യം-സംബന്ധിച്ച് |
| 4) | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | 21/09/2020 |
| 5) | (i) ഇത് സാമ്പത്തിക ബാധ്യതയുള്ളതാണോ, സാമ്പത്തിക ബാധ്യതയുള്ളതാണെങ്കിൽ | ഉണ്ട് |
| | (ii) ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | ഉണ്ട് |
| 6) | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | ഉണ്ട് |
| 7) | കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര് | ശ്രീ അജിത്ത് കെ ജോസഫ് |
| 8) | കുറിപ്പ് അംഗീകരിച്ച സെക്രട്ടറിയുടെ പേര് | ശ്രീമതി. റാണി ജോർജ്ജ് |
| 9) | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് സെക്രട്ടറി അംഗീകരിച്ച തീയതി | 19/10/2020 |
| 10) | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | ഡോ. വിശ്വാസ് മേത്ത |
| 11) | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 03/11/2020 |
| 12) | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | ശ്രീ. എ.കെ.ബാലൻ |
| 13) | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | 05/11/2020 |
| 14) | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | 24/12/2020 |
| 15) | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | |
| 16) | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/കത്തിന്റെ നമ്പറും തീയതിയും | |

# മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

ഭാരത് ഭവനിലെ, സർക്കാർ അംഗീകൃത ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ കഴിഞ്ഞ 14 വർഷമായി താല്ക്കാലിക അടിസ്ഥാനത്തിൽ സേവനമനുഷ്ഠിക്കുന്ന ശ്രീ. രാജേഷ് വി.കെ യുടെ നിയമനം സ്ഥിരപ്പെടുത്തണമെന്ന അപേക്ഷയാണ് കുറിപ്പിലെ പ്രതിപാദ്യം. 22.06.2019 ൽ ചേർന്ന ഭാരത് ഭവൻ ജനറൽ കൗൺസിൽ യോഗത്തിൽ ശ്രീ. രാജേഷ് വി.കെ യെ സ്ഥിരപ്പെടുത്തുന്നതിന് ഗവൺമെന്റിലേക്ക് ശുപാർശ ചെയ്യാൻ തീരുമാനം എടുത്തിരുന്നു.

2) പ്രസ്തുത അപേക്ഷയിൻമേൽ ധനകാര്യ വകുപ്പിന്റെ അഭിപ്രായം ചുവടെ ചേർക്കുന്നു.

"ഭാരത് ഭവനിലെ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ ശ്രീ.രാജേഷ്.വി.കെ-യുടെ താൽക്കാലിക സേവനം കണക്കിലെടുത്ത് സ്ഥിരപ്പെടുത്തിയാൽ സമാന രീതിയിൽ ഇനിയും അപേക്ഷകൾ ലഭിക്കുവാനുള്ള സാഹചര്യം ഉണ്ടാകുമെന്നതിനാലും ബഹു. സുപ്രീംകോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നതിന് സാധ്യമല്ലാത്ത സാഹചര്യത്തിലും ശ്രീ.രാജേഷ്.വി.കെ-യെ സ്ഥിരപ്പെടുത്തുന്നതിനുള്ള ഭരണ വകുപ്പ് ശിപാർശ അംഗീകരിക്കുവാൻ നിർവ്വാഹമില്ല. എന്നാൽ, പത്തു വർഷത്തിൽ കൂടുതൽ തുടർച്ചയായി സേവനം അനുഷ്ഠിക്കുന്നയാളെ സ്ഥിരപ്പെടുത്തണമെന്ന് ഭരണ വകുപ്പ് താൽപ്പര്യപ്പെടുന്നുണ്ടെങ്കിൽ അക്കാര്യം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കാവുന്നതാണ് എന്ന് ഭരണ വകുപ്പിനെ അറിയിക്കുന്നു.

ഇതിന് ബഹു. ധനകാര്യ വകുപ്പ് മന്ത്രിയുടെ അംഗീകാരമുണ്ട്."

3) ഈ വിഷയത്തിൽ നിയമവകുപ്പിന്റെ റിമാർക്ക്സ് താഴെ രേഖപ്പെടുത്തുന്നു.

"ഭാരത് ഭവനിലെ ഓഫീസിൽ അറ്റൻഡർ തസ്തിക അംഗീകൃത തസ്തികയാണെന്നും ആയതിലേക്കാണ് 10 വർഷത്തിലധികമായി താത്കാലിക സേവനം അനുഷ്ഠിക്കുന്ന ആളെ സ്ഥിരമാക്കുവാൻ ഉദ്ദേശിക്കുന്നതെന്നും ഫയലിൽ നിന്നും വ്യക്തമാണ്. എന്നാൽ ഓഫീസിൽ അറ്റൻഡർ തസ്തികയിലേക്ക് സ്ഥിരനിയമനം എങ്ങനെയാണ് നടത്തുന്നതെന്ന് വ്യക്തമല്ല. സ്ഥിരം തസ്തികളിൽ നിയമനം നടത്തുന്നതിനു അംഗീകരിച്ചിട്ടുള്ള നടപടിക്രമം നിലവിലുള്ളപ്പോൾ താത്കാലിക നിയമനം ലഭിച്ചവരെ സ്ഥിരപ്പെടുത്തുന്നത് നിയമപരമല്ല.

10. ബഹു സുപ്രീം കോടതിയുടെ സ്റ്റേറ്റ് ഓഫ് കർണാടക V ഉമാദേവി (2006) 4 SCC 1 എന്ന

കേസിലെ വിധിന്യായത്തിന്റെ പ്രസക്ത ഭാഗം താഴെ പറയും പ്രകാരമാണ്.

There may be cases where irregular appointments (not illegal appointments) as explained in, and referred to in paragraph 15 above, of duly qualified persons in duly sanctioned vacant posts might have been made and the employees have continued to work for ten years or more but without the intervention of orders of courts or of tribunals. The question of regularization of the services of such employees may have to be considered on merits in the light of the principles settled by this Court in the cases above referred to and in the light of this judgment. In that context, the Union of India, the State Governments and their instrumentalities should take steps to regularize as a one time measure, the services of such irregularly appointed, who have worked for ten years or more in duly sanctioned posts but not under cover of orders of courts or of tribunals and should further ensure that regular recruitments are undertaken to fill those vacant sanctioned posts that require to be filled up, in cases where temporary employees or daily wagers are being now employed. The process must be set in motion within six months from this date. We also clarify that regularization, if any already made, but not subjudice, need not be reopened based on this judgment, but there should be no further by-passing of the constitutional requirement and regularizing or making permanent, those not duly appointed as per ........

In State of Karnataka v. M L Kesari , (2010) 9 SCC 247, a two-judge bench of this Court held that the "one-time measure" prescribed in Uma Devi must be considered as concluded only when all employees who were entitled for regularisation under Uma Devi, had been considered and held:

"11. The object behind the said direction in para 53 of Umadevi is two-fold. First is to ensure that those who have put in more than ten years of continuous service without the protection of any interim orders of courts or tribunals, before the date of decision in Umadevi was rendered, are considered for regularisation in view of their long service. Second is to ensure that the departments/instrumentalities do not perpetuate the practice of employing

persons on dailywage/ad hoc/casual basis for long periods and then periodically regularise them on the ground that they have served for more than ten years, thereby defeating the constitutional or statutory provisions relating to recruitment and appointment. The true effect of the direction is that all persons who have worked for more than ten years as on 10- 4-2006 [the date of decision in Umadevi] without the protection of any interim order of any court or tribunal, in vacant posts, possessing the requisite qualification, are entitled to be considered for regularisation. The fact that the employer has not undertaken such exercise of regularisation within six months of the decision in Umadevi or that such exercise was undertaken only in regard to a limited few, will not disentitle such employees, the right to be considered for regularisation in terms of the above directions in Umadevi as a one-time measure."

സാംസ്കാരിക വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഒരു സാംസ്കാരിക സ്ഥാപനം ആണ് ഭാരത് ഭവൻ. ബഹു സുപ്രീം കോടതിയുടെ സ്റ്റേറ്റ് ഓഫ് കർണാടക v ഉമാദേവി (2006) 4 SCC 1 , State of Karnataka v. M L Kesari , (2010) 9 SCC 247 എന്നീ വിധിന്യായങ്ങളിൽ 10 / 4 / 2006 തീയതിയിൽ 10 വർഷമോ അതിലധികമോ സേവനം പൂർത്തിയാക്കിയ ജീവനക്കാരെ one-time measure ആയി സ്ഥിരപ്പെടുത്താവുന്നതാണെന്ന് പ്രസ്താവിച്ചിട്ടുള്ളതാണ് . എന്നാൽ ടി ഫയലിലെ കേസിലെ ജീവനക്കാരൻ പ്രസ്തുത സമയപരിധിക്കുള്ളിൽ 10 വർഷത്തെ സേവനം പൂർത്തിയാക്കിയ ആളല്ല എന്ന് കാണാവുന്നതാണ്. ആയതിനാൽ ബഹു സുപ്രീം കോടതിയുടെ സ്റ്റേറ്റ് ഓഫ് കർണാടക v ഉമാദേവി (2006) 4 SCC 1 , State of Karnataka v. M L Kesari , (2010) 9 SCC 247 എന്നീ കേസുകളിലെ വിധിന്യാത്തിന്റെ അടിസ്ഥാനത്തിൽ ഭാരത് ഭവനിലെ സർക്കാർ അംഗീകൃത ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ 14 വർഷമായി ജോലി ചെയ്തിരുന്ന ശ്രീ രാജേഷ് വി കെ സ്ഥിരപ്പെടുത്തുന്നത് ഉചിതമല്ലെന്ന് ഭരണ വകുപ്പിനെ അറിയിക്കുന്നു."

4) ഫയൽ ഉത്തരവിനായി ബഹു. മുഖ്യമന്ത്രിയ്ക്ക് ചംക്രമണം ചെയ്തപ്പോൾ ഈ വിഷയം മന്ത്രിസഭായോഗത്തിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ബഹു. മുഖ്യമന്ത്രി ഉത്തരവിട്ടിട്ടുണ്ട്.

## തീരുമാനിക്കേണ്ട വിഷയം

നിയമ വകുപ്പിന്റെയും ധനകാര്യ വകുപ്പിന്റെയും അഭിപ്രായത്തിലെ എതിർപ്പ് മറികടന്ന് ഭാരത് ഭവനിൽ നിലവിലുള്ള അംഗീകൃത ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ, ശ്രീ. രാജേഷ് വി.കെയ്ക്ക് ഒരു പ്രത്യേക കേസായി കണക്കാക്കി ഉത്തരവ് ഇറങ്ങുന്ന തീയതി മുതൽ സ്ഥിര നിയമനം നൽകാവുന്നതാണോ?